## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല- റോഡ് വീതി കൂട്ടുന്നതിനായി പൊതുമരാമത്ത് വകുപ്പിന് സ്ഥലം സൗജന്യമായി വിട്ടുനൽകുന്നതിന് കൊട്ടിയൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.1300/2012/ത.സ്വ.ഭ.വ.      തീയതി, തിരുവനന്തപുരം, 9-5-2012

---

പരാമർശം :-

1. കൊട്ടിയൂർ ഗ്രാമപഞ്ചായത്തിന്റെ 27-2-12 -ലെ 39/2012 നമ്പർ തീരുമാനം.
2. കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20-4-2012-ലെ എ3-7873/11 നമ്പർ കത്ത്

### ഉത്തരവ്

കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് ഓഫീസിന് മുന്നിലൂടെ കടന്നുപോകുന്ന മണത്തണ- കൊട്ടിയൂർ റോഡിന് വീതി കൂട്ടുന്നതിലേക്കായി ഗ്രാമപഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന കൊട്ടിയൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൊട്ടിയൂർ വില്ലേജ് സർവേ 2462/2-ൽപ്പെട്ട 23.1 ചമീറ്റർ സ്ഥലം സൗജന്യമായി പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകുന്നതിന് പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും പരാമർശം (2) പ്രകാരം സർക്കാരനുമതിക്ക് അപേക്ഷിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, മണത്തണ- കൊട്ടിയൂർ റോഡ് വീതി കൂട്ടുന്നതിലേക്കായി കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൊട്ടിയൂർ വില്ലേജ് സർവേ 2462/2-ൽപ്പെട്ട 23.1 ചമീറ്റർ സ്ഥലം സൗജന്യമായി പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകുന്നതിന് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം  
എൻ. ആർ. ശ്രീലേഖ  
അണ്ടർ സെക്രട്ടറി.

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം  
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം  
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് & അക്കൗണ്ട്സ്, തിരുവനന്തപുരം  
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം  
സെക്രട്ടറി, കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്, കൊട്ടിയൂർ പി.ഒ, കണ്ണൂർ-670651  
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)  
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.